

# താരശോഭയോടെ നാളികേരം

വെളിച്ചെണ്ണയ്ക്കു പതിനായിരം രൂപയെന്ന സ്വപ്നവില കടന്നു. ഇന്ത്യയിലും ആഗോള തലത്തിലുമുള്ള ഉൽപാദനക്കുറവും സസ്യഎണ്ണകളുടെ വിലക്കയറ്റവും തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വില ഉയർത്തി നിർത്തുമെന്നു പ്രതീക്ഷിക്കുന്നു.

■ ടി.കെ. സുനിൽ കുമാർ

വിപണിയിൽ നാളികേരവും കുരുമുളകുമാണ് ഇക്കൊല്ലത്തെ താരങ്ങൾ. നാളികേരത്തിനു ശുഭകാലം പിറക്കുന്നതിന്റെ സൂചനകൾ കഴിഞ്ഞ വർഷത്തിൽതന്നെ കണ്ടുതുടങ്ങിയിരുന്നെങ്കിലും വെളിച്ചെണ്ണയും(ക്വിന്റലിന്) തേങ്ങയും (ആയിരത്തിന്) 10,000 രൂപയെന്ന സ്വപ്നവിലയും കടന്നുകയറുമെന്നു കർഷകരോ വിപണിവൃത്തങ്ങളോ പ്രതീക്ഷിച്ചതല്ല. എന്നാൽ മെയ് രണ്ടാംവാരത്തിൽ വെളിച്ചെണ്ണവില 10,400 രൂപയിലേക്കുയർന്നു. മെയ് മാസത്തിൽ കൊച്ചി വിപണിയിൽ വെളിച്ചെണ്ണയ്ക്കു ശരാശരിവില 10,148 രൂപയും കൊപ്രായ്ക്ക് 6938 രൂപയുമായിരുന്നു. ആലപ്പുഴ വിപണിയിൽ ജൂണിൽ തേങ്ങയുടെ ശരാശരി വില ആയിരത്തിനു 10,200 രൂപയിലേക്കുയർന്നു.

ഉൽപാദനകാലം അവസാനിക്കുന്നതുമൂലമുള്ള ലഭ്യതക്കുറവ്, ശബരിമല തീർത്ഥാടനം, ക്രിസ്മസ്, ഉത്സവ വേളകളിലെ ആവശ്യക്കൂടുതൽ എന്നിവ കാരണം കേരളത്തിൽ തേങ്ങയുടെയും അനുബന്ധ ഉൽപന്നങ്ങളുടെയും വില ജനുവരി മധ്യം വരെ ഉയർന്നുതന്നെ നിൽക്കുമെ ന്നാണ് വിപണിനിരീക്ഷകരുടെ പ്രവചനം. തൊണ്ടു നീക്കിയ തേങ്ങയുടെ വില കിലോയ്ക്ക് തൃശൂർ വിപണിയിൽ ഈ മാസം 20-23 രൂപ, അടുത്തമാസം 19-22 രൂപ നിലവാരത്തിലേക്കുയരുമെന്ന് കേരള കാർഷിക സർവകലാശാലയിലെ വിപണി വിവര കേന്ദ്രം(എഎംഐസി) വിലയിരുത്തുന്നു. പാമോയിലടക്കമുള്ള മറ്റു സസ്യഎണ്ണകളുടെ വില ഉയർന്നു നിൽക്കാനും കാലാവസ്ഥാവ്യതിയാനം മൂലം നാളികേരത്തിന്റെ ഉൽപാദനം കുറയാനും ഇടയുള്ളതിനാൽ രാജ്യാന്തര തലത്തിലും വരും നാളുകളിൽ വിലനിലവാരം മെച്ചപ്പെട്ടു നിൽക്കുമെന്നാണ് പൊതുവേ കരുതപ്പെടുന്നത്.

ഇക്കൊല്ലം ജനുവരിയിൽ കൊച്ചി വിപണിയിലെ ശരാശരി വില വെളിച്ചെണ്ണയ്ക്ക് 9060 രൂപയും കൊപ്രായ്ക്ക് 6188 രൂപയുമായിരുന്നു. ഫെബ്രുവരിയിൽ യഥാക്രമം 9300 രൂപയും 6225 രൂപയുമായി. മാർച്ചിൽ യഥാക്രമം 9075 രൂപ, 6131 രൂപ. ഒക്ടോബറിൽ വെളിച്ചെണ്ണവില 8000 രൂപയ്ക്കു താഴെപ്പോയെങ്കിലും നവംബറിൽ 8200 രൂപയിലേക്കു പിടിച്ചുകയറി.

ആലപ്പുഴ മാർക്കറ്റിൽ പച്ചത്തേങ്ങ ആയിരമെണ്ണത്തിന് ജനുവരിയിൽ 8875 രൂപ വിലയുണ്ടായിരുന്നത് ജൂണിൽ 10,200 രൂപയിലേക്കുയർന്നു. ചില്ലറവില 10-12 രൂപ നിലവാരത്തിലാണ്. വെളിച്ചെണ്ണയ്ക്കു ചില്ലറവില 100 രൂപയും. ബ്രാൻഡഡ് പാക്കറ്റിനു 120രൂപയാണു വില ഈടാക്കുന്നത്. പാമോയിലടക്കമുള്ള മറ്റു സസ്യഎണ്ണകൾക്കു വില കിലോയ്ക്ക് 70 രൂപയിൽ കയറിയിറങ്ങി നിൽക്കുന്നു.

ഉൽപാദനം കുറഞ്ഞതും കയറ്റുമതിയും ഇളനീർ ഉപയോഗവും വർധിച്ചതുമാണ് ഇന്ത്യയിൽ തേങ്ങയുടെ ലഭ്യതക്കുറവിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് ഇക്കൊല്ലം നല്ല തോതിൽ തേങ്ങ കയറ്റുമതി ചെയ്യപ്പെട്ടു. ശ്രീലങ്കയിൽ പ്രകൃതിക്ഷോഭം മൂലം ഉൽപാദനം കുറഞ്ഞത് ഇന്ത്യൻ കയറ്റുമതിക്ക് ആക്കം കൂട്ടി. കയറ്റുമതിയിലും കരിക്കുപയോഗത്തിലും കാര്യമായ വർധനയുണ്ടായെന്നാണ് നാളികേര വികസന ബോർഡിന്റെ വിലയിരുത്തൽ. ഉൽപാദനത്തിന്റെ 15% ഇളനീരായി വിൽക്കപ്പെട്ടുവെന്നാണു നിഗമനം.

രാജ്യാന്തരതലത്തിലും ഉൽപാദനത്തിൽ കാര്യമായ ഇടിവുണ്ടായി. ഫിലിപ്പീൻസിൽ രണ്ടു തവണയുണ്ടായ കൊടുങ്കാറ്റും രണ്ടു സീസണിലെ മികച്ച ഉൽപാദനത്തിനു ശേഷം മരങ്ങൾക്കുണ്ടായ തളർച്ചയും വിളവിനെ ബാധിച്ചപ്പോൾ തായ്‌ലൻഡിൽ വരൾച്ചയാണു കുഴപ്പമുണ്ടാക്കിയത്. ശ്രീലങ്കയിലും പ്രകൃതിക്ഷോഭം ഉൽപാദനത്തെ ബാധിച്ചു.

പാമോയിലടക്കമുള്ള മറ്റു സസ്യഎണ്ണകളുടെ ലഭ്യതക്കുറവും ആരോഗ്യ, സൗന്ദര്യ വർധക വസ്തുവെന്ന നിലയിൽ തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കുമുണ്ടായ പ്രാധാന്യവും ആഗോളതലത്തിൽ, വിശേഷിച്ചു പാശ്ചാത്യരാജ്യങ്ങളിൽ ഇവയ്ക്കു ഡിമാൻഡ് കൂട്ടിയിട്ടുണ്ട്. ചില രാജ്യങ്ങളിൽ ഐസ്ക്രീം നിർമ്മാണത്തിൽ പാലിനു പകരം തേങ്ങാപ്പാൽ ഉപയോഗിച്ചു തുടങ്ങിയത് ഒരുദാഹരണം.



ഡീസൽവില വർധനയെത്തുടർന്ന് സസ്യ എണ്ണകൾ വൻതോതിൽ ജൈവ ഡീസൽ നിർമ്മാണത്തിനായി ഫിലിപ്പിൻസ്, വിയറ്റ്നാം, തായ്‌ലൻഡ്, ഇന്തോനീഷ്യ, പാപ്പുവ ന്യൂഗിനി, ബ്രസീൽ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ് പൊതുവിപണിയിൽ ഇവയുടെ ലഭ്യതക്കുറവിനു കാരണമാകുന്നത്. ആഗോള പാചകയെണ്ണ വിപണിയിൽ വെറും മൂന്നു ശതമാനം പങ്കുണ്ടായിരുന്ന വെളിച്ചെണ്ണയുടെ ഡിമാൻഡ് കൂടാൻ ഇതും കാരണമായി. ലഭ്യതക്കുറവു മൂലം ഇക്കൊല്ലം ഇന്ത്യയിലേക്കുള്ള പാമോയിൽ ഇറക്കുമതി ഇടിഞ്ഞത് ഈ സാഹചര്യത്തിലാണ്. 2010ൽ 87 ലക്ഷം ടണ്ണായിരുന്നു ഇറക്കുമതിയെങ്കിൽ ഇക്കൊല്ലം അത് 72 ലക്ഷം ടൺ മാത്രമാണ്. 17 ശതമാനത്തോളം കുറവ്.

കാലാവസ്ഥാ വ്യതിയാനം മൂലം ആഗോളതലത്തിൽ തന്നെ നാളികേരോൽപാദനം കുറയാനുള്ള സാധ്യതയും സസ്യ എണ്ണകളുടെ വർധിക്കുന്ന ആവശ്യവും വില ഉയർത്തി നിർത്തുമെന്നാണ് വിപണിവൃത്തങ്ങളുടെ കണക്കുകൂട്ടൽ. വിലക്കയറ്റം കർഷകർക്ക് ആഹ്ലാദം നൽകുന്നുണ്ടെങ്കിലും വെളിച്ചെണ്ണയുടെ കാര്യത്തിൽ വിപണിവൃത്തങ്ങൾക്ക് ആശങ്കയുണ്ട്. കുറഞ്ഞ വിലയ്ക്കു കിട്ടുന്ന പാംകെർണൽ ഓയിൽ വെളിച്ചെണ്ണയിൽ കലർത്തുന്ന പ്രവണത കണ്ടു തുടങ്ങിയെന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. ക്വിൻറലിന് 5200 രൂപ മാത്രം വിലയുള്ള പാംകെർണൽ ഓയിൽ വെളിച്ചെണ്ണയിൽ 25-30% വരെ കലർത്തിയാൽപോലും തിരിച്ചറിയാൻ പ്രയാസമാണത്രെ. തമിഴ്നാട്ടിലെ ഓയിൽ മില്ലുകൾ ഈ വഴി തേടുന്നതായാണ് കേരളത്തിലെ ഓയിൽ മില്ലുകാരുടെ ആക്ഷേപം. അവരതു കുറഞ്ഞ വിലയ്ക്കു വിൽക്കുകയും ചെയ്യുന്നു. ഇതു തടയാൻ സംസ്ഥാന സർക്കാരും നാളികേര വികസന ബോർഡും മുന്നോട്ടു വരണമെന്ന് അവർ ആവശ്യപ്പെടുന്നു.

**വെളിച്ചെണ്ണയുടെയും കൊപ്രയുടെയും (കൊച്ചി) തേങ്ങയുടെയും (ആലപ്പുഴ) 2011ലെ പ്രതിമാസ ശരാശരി വില (രൂപ)**

| വർഷം 2011 | വെളിച്ചെണ്ണ (ക്വിൻറൽ) | കൊപ്ര (ക്വിൻറൽ) | തേങ്ങ (ആയിരത്തിന്) |
|---|---|---|---|
| ജനുവരി | 9060 | 6188 | 8875 |
| ഫെബ്രുവരി | 9300 | 6225 | 9100 |
| മാർച്ച് | 9075 | 6131 | 9000 |
| ഏപ്രിൽ | 9713 | 6663 | 9400 |
| മെയ് | 10148 | 6938 | 9940 |
| ജൂൺ | 9904 | 6614 | 10200 |
| ജൂലൈ | 9010 | 5894 | 9900 |
| ഓഗസ്റ്റ് | 9626 | 6309 | 9750 |
| സെപ്റ്റംബർ | 8823 | 5854 | 9500 |
| ഒക്ടോബർ | 8000 | - | - |
| നവംബർ | 8200 | - | - |
| ശരാശരി | 9407 | 6313 | 9518 |

അവലംബം: നാളികേര വികസന ബോർഡ്, കൊച്ചി

വിപണിയും വിലയും മെച്ചപ്പെടുമ്പോഴും കേരളത്തിലെ കർഷകർക്ക് അതെത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്ന ചോദ്യം ശേഷിക്കുന്നു. പ്രായാധിക്യവും രോഗങ്ങളും പരിചരണമില്ലായ്മയുമെല്ലാം കൂടി തെങ്ങുകൃഷിയെ നാശോന്മുഖമാക്കുകയാണ്. തൊഴിലാളിക്ഷാമം മൂലം ഉള്ള നാളികേരം പോലും യഥാസമയം വിളവെടുക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. വിലവർധന കർഷകരിലുണ്ടാക്കാവുന്ന ഉത്സാഹവും നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന പുനരുദ്ധാരണപദ്ധതിയും സ്ഥിതി മെച്ചപ്പെടുത്തുമെന്നു പ്രതീക്ഷിക്കാം. നാളികേര ബോർഡിൻെറ ചങ്ങാതിക്കൂട്ടമെന്ന സംരംഭവും കർഷകരിൽ പ്രതീക്ഷയുണർത്തുന്നുണ്ട്.

*വിവരങ്ങൾക്ക് അവലംബം:*

*നാളികേര വികസന ബോർഡ്, കൊച്ചിൻ ഓയിൽ മർച്ചൻറ്സ് അസോസിയേഷൻ, മാർക്കറ്റ് ഇൻറലിജൻസ് സെൻറർ, കെഎയു.*